**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശനം–2019

## ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**2019–ലെ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി** കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി സർക്കാർ, സർക്കാർ നിയന്ത്രിത, സ്വകാര്യ–സ്വാശ്രയ കോളേജുകളിലെ കോഴ്സുകളിലേക്ക് **16.06.2019 വൈകുന്നേരം 6** മണി **വരെ** ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികളുടെ ട്രയൽ അലോട്ട്മെന്റ് **www.cee.kerala.gov.in എന്ന** വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. മതിയായ രേഖകൾ ഇല്ലാത്തതുമൂലം മലപ്പുറം ഏറനാട് നോളഡ്ജ് സിറ്റി ഓഫ് ആർക്കിടെക്ച്ചർ (EKR), തൃശൂർ തേജസ് കോളേജ് ഓഫ് ആർക്കിടെക്ചർ (TJR), കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി (UCC) എന്നീ കോളേജുകളിലേക്കുള്ള ഓപ്ഷൻ ട്രയൽ അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ഓപ്ഷൻ രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികൾക്ക് തുടർന്നും അവരുടെ ഓപ്ഷൻ **19.06.2019 രാവിലെ 10 മണി വരെ** പുന:ക്രമീകരിക്കുകയോ, കൂട്ടിച്ചേർക്കുകയോ, ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. അതുപോലെ ഇതുവരെയും ഓപ്ഷൻ രജിസ്ട്രേഷൻ നടത്താത്തവർക്കും **19.06.2019 രാവിലെ 10 മണി വരെ** ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am- 5pm)**

തിരുവനന്തപുരം
17.06.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**